# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4639

## 22-03-2018 - ലെ മറുപടിക്ക്

### ഉമ്പൂർമുഴി ഫുഡ് ടെക്നോളജി കോളേജിന് ബസ്സ് വാങ്ങുന്നതിന് ഭരണാനുമതി

| ചോദ്യം<br>ശ്രീ.ബി.ഡി.ദേവസ്സി | ഉത്തരം<br>ഡോ. റ്റി. എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി |
|---|---|
| എ) ചാലക്കുടി മണ്ഡലത്തിലെ തുമ്പൂർമുഴി ഫുഡ് ടെക്നോളജി കോളേജിലേയ്ക്ക് ബസ്സ് വാങ്ങുന്നതിനായി ചാലക്കുടി എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനായി നിർദ്ദേശിച്ചു പ്രകാരമുള്ള ഉത്തരവിലെ അനുബന്ധത്തിൽ ചെലവ് ശീർഷകങ്ങളിൽ മൃഗസംരക്ഷണ വകുപ്പിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതുമൂലം ഭരണാനുമതി ഇനിയും ലഭിയ്ക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ; | സംസ്ഥാനത്ത് പ്രവൃത്തിക്കുന്ന സർവ്വകലാശാലകളുടെ കാമ്പസുകളിൽ സ്ഥിതിചെയ്യുന്ന കോളേജുകൾക്ക് ബസ് വാങ്ങാൻ ആസ്തി വികസന ഫണ്ട് ഉപയോഗിക്കാൻ പ്രസ്തുത ഫണ്ട് മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം നിലവിൽ അനുമതിയില്ല. ഈ സാഹചര്യത്തിൽ ചാലക്കുടി മണ്ഡലത്തിലെ തുമ്പൂർമുഴി ഫുഡ് ടെക്നോളജി കോളേജിലേയ്ക്ക് ബസ്സ് വാങ്ങുന്നതിനായി ചാലക്കുടി എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുവാൻ സാധ്യമല്ല. |
| ബി) ഈ ശീർഷകങ്ങളിൽ മൃഗസംരക്ഷണ വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കാമോ? | ബാധകമല്ല |

സെക്ഷൻ ഓഫീസർ